# പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 708 — 06.02.2013 ൽ മറുപടിക്ക്

## എം. ഗവേണൻസ് സംവിധാനത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ

ശ്രീ. ജോസഫ് വാഴക്കൻ
ശ്രീ. എ.റ്റി ജോർജ്
ശ്രീ. ഹൈബി ഈഡൻ
ശ്രീ. ആർ. സെൽവരാജ്

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| എ) എം. ഗവേണൻസ് സംവിധാനത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) കേരളത്തിലെ ഉയർന്ന മൊബൈൽ ഫോൺ സാന്ദ്രത പരമാവധി ഉപയോഗപ്പെടുത്തുന്നതിന് വേണ്ടിയാണ് സർക്കാർ മൊബൈൽ ഗവേണൻസ് (m-Governance) പദ്ധതിക്ക് രൂപം നൽകിയത്. മൊബൈൽ സാങ്കേതികതയിലെ പുരോഗതികൾ വിവിധ സർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുന്നത് വഴി, ചെലവുകുറഞ്ഞ രീതിയിൽ ഏത് സമയത്തും സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. ഇതിലൂടെ വിവര വിനിമയ സാങ്കേതിക വിദ്യയുടെ സേവനം സാധാരണക്കാർക്ക് ലഭ്യമാക്കുവാൻ സാധിക്കും. വിവിധ സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട വിവരങ്ങളും സേവനങ്ങളും എം. ഗവേണൻസ് മുഖേന ലഭ്യമാകും. പൊതു ജനങ്ങൾക്ക് ഒരു ഏക ജാലകത്തിലൂടെ മൊബൈൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ഒരു കാര്യക്ഷമമായ സേവന വിതരണ സംവിധാനം രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത സംവിധാനം വഴി എന്തെല്ലാം സർക്കാർ സേവനങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) & (സി) | ഈ സംവിധാനം വഴി ലഭ്യമാകുന്ന സേവനങ്ങളെ സംബന്ധിച്ച് വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | എത്ര വകുപ്പുകളുടെ സേവനങ്ങളാണ് ഈ സംവിധാനത്തിൽ ഉൾ പ്പെടുത്തിയിട്ടുള്ളത് ; | | |
| (ഡി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത സംവിധാനം പ്രവർത്തിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | മോബ് മീ വയർ ലെസ്സ് സൊലൂഷൻസ് എന്ന ഏജൻസിയുടെ സഹാ യത്തോടെയാണ് പ്രസ്തുത സംവിധാനം പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### മൊബൈൽ സംവിധാനം വഴി നൽകുന്ന സേവനങ്ങളും വകുപ്പുകളും

| വകുപ്പ് | സേവനം |
|---|---|
| Kerala Women's Commission (KWC) | Complaint Registration System |
| Commissionerate of Entrance Examinations | Entrance Exam Results |
| Motor Vehicles Department | Information Services |
| Kerala Forest Department | Timber Alerts |
| Kerala Police | Sabarimala Information Alerts/Help Line |
| Department of Lotteries | Lottery Results |
| Kerala State Road Transport Corporation | Bus Timings |
| Kerala Water Authority | Bill details |
| Agricultural University | Regular Agri related updates on weather/pest/seed/price to farmers |
| Kerala Shops & Commercial Establishment Workers Welfare Fund Board | Information services to Board Members |
| Tourism Department | Audio guide for Kerala |
| Education Department | S.S.L.C Results on Mobile Phone |
| Kerala State Financial Enterprises | Chitty alerts to customers |
| Kerala Legislative Assembly | Meeting alerts to Ministers |
| Department to Collegiate Education | Scholarship alerts |
| Kissan Kerala Project | Outbound dialing facility to farmers |
| Kerala Public Service Commission | Hall ticket availability/Bar Code etc. |
| Kerala Pareeksha Bhavan | File Tracking system |
| Kerala Financial Corporation | Loan Details |

സെക്ഷൻ ഓഫീസർ.